# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5943** — 08/07/2013 - ലെ മറുപടിയ്ക്ക്

## ആലപ്പുഴ ജില്ലയിൽ കർഷക കടാശ്വാസം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കർഷക കടാശ്വാസ കമ്മീഷൻ പാസ്സാക്കിയ അവാർഡ് തുക, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ആലപ്പുഴ ജില്ലയിലെ എത്ര ധനകാര്യ സ്ഥാപനങ്ങൾക്ക് എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കാമോ; | **(എ)** | കർഷക കടാശ്വാസ കമ്മീഷന്റെ അന്തിമ ഉത്തരവ് പ്രകാരം ശിപാർശ ചെയ്തതനുസരിച്ച് ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിലെ 16 സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് 30,10,500/- രൂപ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട തുക സർക്കാരിൽ നിന്നും സമയബന്ധിതമായി ലഭിക്കാത്തതു മൂലം കർഷകരുടെ ആധാരങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ മടക്കി നൽകാത്തതും നിയമ നടപടികൾ തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**(സി)** ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | **(ബി) & (സി)** | ഉണ്ട്. കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസത്തുക ബജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ചാണ് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്നത്.<br>കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവിൽ സർക്കാർ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ള തുക സർക്കാരിൽ നിന്ന് ലഭിക്കുന്നതിനാൽ, കർഷകരുടെ വിഹിതം അടച്ചു കഴിഞ്ഞാൽ, സർക്കാരിൽ നിന്നും ലഭിക്കാനുള്ളതായി കണക്കിൽ രേഖപ്പെടുത്തി ഈട് പ്രമാണം തിരികെ നൽകുന്നതിനും, സർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് ടിയാന്റെ കണക്കിൽ വരവ് വയ്ക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കർഷക വിഹിതം അടയ്ക്കുന്നതിന് കമ്മീഷന്റെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള നിശ്ചിത തീയതിയ്ക്കകം കർഷകർക്കെതിരെ യാതൊരു തരത്തിലുള്ള റിക്കവറി നടപടികളും സംഘങ്ങൾ / ബാങ്കുകൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സ്വീകരിക്കാൻ പാടില്ലെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| സഹകരണ സംഘം / ബാങ്ക് | വിതരണം ചെയ്ത കടാശ്വാസ തുക |
| --- | --- |
| നീലമ്പേരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1785 | 6,500 |
| കടക്കരപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1125 | 15,12,000 |
| കൊടുപ്പുന്ന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.47 | 15,000 |
| കമരകരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.3436 | 3,450 |
| ചേർത്തല സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | 66,000 |
| ആറ്റുവാത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1541 | 7,23,050 |
| പള്ളിയറക്കാവ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.929 | 15,000 |
| ചെക്കിടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1430 | 54,500 |
| കുട്ടനാട് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം.1153 | 1,00,000 |
| കൈനടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.3814 | 35,000 |
| കൈനകരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1437 | 12,500 |
| ചെന്നിത്തല തൃപ്പെരുന്തുറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.3553 | 1,37,500 |
| കാർത്തികപ്പള്ളി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | 1,00,000 |
| തകഴി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.1832 | 30,000 |
| ആലപ്പുഴ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം.എ.54 | 1,91,000 |
| ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം നം.4310 | 9,000 |
| **ആകെ** | **30,10,500** |

സെക്ഷൻ ഓഫീസർ